# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1068 01/03/2017-ൽ മറുപടിയ്ക്ക്

**വിദേശമദ്യ ഷോപ്പുകളിൽ സ്ത്രീ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷന് കീഴിലുള്ള വിദേശമദ്യ ഷാപ്പുകളിലെ ഒഴിവുകളിലേക്ക് സ്ത്രീകളെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) നിലവിലെ അബ്കാരി ചട്ടപ്രകാരം ബിവറേജസ് കോർപ്പറേഷനിലെ ചില്ലറ മദ്യവില്പന ശാലകളിൽ സ്ത്രീകൾക്ക് നിയമനം നല്കാൻകഴിയില്ല. |
| (ബി) പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട സ്ത്രീകളെ ഒഴിവാക്കി താഴ്ന്ന റാങ്കിലുള്ള പുരുഷന്മാരെ ഇത്തരം ഒഴിവുകളിലേക്ക് നിയമിക്കുന്നതിനുള്ള നിർദ്ദേശം ബിവറേജസ് കോർപ്പറേഷന് നല്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശ പ്രകാരം സ്ത്രീകളെ ഒഴിവാക്കി പുരുഷന്മാരെ നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) നല്കിയിട്ടില്ല. |
| (സി) വിദേശമദ്യഷാപ്പുകളിൽ സ്ത്രീ നിയമനം വിലക്കുന്നതിനെതിരെ ബഹു.ഹൈക്കോടതിയുടെ ഉത്തരവുകളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പ്രകാരം സ്വീകരിച്ച നടപടിയെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) ഉണ്ട്.സർക്കാരിൽ ലഭ്യമായ വിധിന്യായത്തിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിരിക്കുകയാണ്. |

Sreedevi

സെക്ഷൻ ഓഫീസർ